ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഓവർലോഡുകൊണ്ടും ബൈ മുട്ടുന്നതുകൊണ്ടും ചോദിച്ചതാണ്.

സമുദായം തിരിച്ചുള്ള ഉദ്യോഗനിയമനപ്പട്ടിക.

* 1672 [20] ശ്രീ. ആർ. സുശീലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഉദ്യോഗനിയമനങ്ങളുടെ സമുദായംതിരിച്ചുള്ള പട്ടിക പരസ്യം ചെയ്യാൻ ഗവണ്മെൻറ് തയ്യാറാകുമോ;

(ബി) സംവരണത്തിൻറെ പരിധിയിൽപ്പെട്ട സമുദായത്തിൽനിന്നും ആ വ്യവസ്ഥപ്രകാരം നിയമിച്ചവരുടെ എണ്ണം എത്രയെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്):

(എ) ചില വകുപ്പധ്യക്ഷന്മാരിൽനിന്നും വിവരം ലഭിക്കണമെന്നുള്ളതിനാൽ പൂർണ്ണവിവരം നൽകുവാൻ കാലതാമസമുണ്ട്. കിട്ടിയിടത്തോളം വിവരം ഉൾക്കൊള്ളുന്ന ഒരു †പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) പൂർണ്ണവിവരം ഉൾക്കൊള്ളുന്ന പട്ടിക എത്രയുംവേഗത്തിൽ നൽകുന്നതാണ്.

ഡാക്ടർ എസ്. രാധാകൃഷ്ണനു വിമാനത്താവളത്തിൽവച്ചു നൽകിയ സ്വീകരണം.†

* 1673‡ [21] ശ്രീ. കെ. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അടുത്ത കാലത്തു കേരളത്തിലെത്തിയ സന്ദർശിച്ച ഇൻഡ്യൻ യൂണിയൻ വൈസ്പ്രസിഡൻറ് ഡാ. എസ്. രാധാകൃഷ്ണനു വിമാനത്താവളത്തിൽവച്ചു നൽകിയ സ്വീകരണത്തിൽ പങ്കെടുക്കുന്നതിനും മറ്റും ഈ നിയമസഭാ സാമാജികന്മാർക്കു—ബഡ്ജറ്റ് സെഷൻ കൂടിക്കൊണ്ടിരുന്നപ്പോൾ—അവസരം നൽകാൻ സഭാനേതാവു എന്തുകൊണ്ടു സ്വീകരിച്ചില്ല;

(ബി) പ്രതിപക്ഷപാർട്ടികളുടെ നേതാക്കന്മാരുമായി ആലോചിച്ചു നിയമസഭയ്ക്കു ഒരു മണിക്കൂർ നേരമെങ്കിലും അവധി നൽകുവാൻ നടപടി എടുക്കുന്ന കാര്യത്തിൽ സഭാനേതാവിനെ പ്രതിബന്ധപ്പെടുത്തിയ കാരണങ്ങളെന്തു?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്):

(എ. ബി.) ബഡ്ജറ്റ് സെഷൻ നടന്നുകൊണ്ടിരുന്ന സമയമായതിനാലും സഭാനടപടികൾ നിർത്തിവയ്ക്കുന്നതു സംബന്ധിച്ചു് ഏകകണ്ഠമായ തീരുമാനമുണ്ടാവാനിടയില്ലെന്നു തോന്നിയതിനാലും ഈ നടപടികളെടുത്തില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇതിനെപ്പറ്റി പ്രതിപക്ഷനേതാക്കന്മാരോടു് ആലോചിച്ചു തീരുമാനമെടുക്കാൻ ഒരു ശ്രമം നടത്തിയോ?

† Placed in the Library.

‡ As the member was absent this question was put by Shri R. Balakrishna Pillai with the permission of the chair.

LIBRARY ARCHIVES Kerala Legislative Assembly